# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുന്നാവായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ എം.പി.എം17/654/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുന്നാവായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എം.പി.എം17/654/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-02-2022 | 10-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് പി (ഓഡിറ്റ് ഓഫീസർ)
ശ്രീ. മൂസ ഇ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ. ഷാജഹാൻ ഖുറൈഷി എം (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ലത ഒ.വി (സീ.ഗ്രേ ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഫൈസൽ എടശ്ശേരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീല യു | സെക്രട്ടറി | 01-05-2019 | 31-03-2020 |
| ശ്രീമതി. ജയശ്രീ ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 30-04-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജയശ്രീ ബി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ഫർസാന ഷാമിൻ പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സംഗീത എസ് ഗിരീഷ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. അനിൽ പിഷാരടി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 02-07-2019 |
| ഡോ. സലിം ഇസ്മായിൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 03-07-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ മഹ്റൂഫ് എച്ച്.പി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രശ്മി എം.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ബാബു മോൻ പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. സൌമ്യ എൻ.എൽ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. റഷീദ് ഇ | അസി.എഞ്ചിനീയർ | 01-04-2019 | 24-04-2019 |
| ശ്രീമതി. ജുമൈലത്ത് | അസി.എഞ്ചിനീയർ | 25-04-2019 | 31-05-2019 |
| ശ്രീ. റഷീദ് ഇ | അസി.എഞ്ചിനീയർ | 01-06-2019 | 24-07-2019 |
| ശ്രീ. വിനോജ് ജെ.ജെ | അസി.എഞ്ചിനീയർ | 25-07-2019 | 14-01-2020 |
| ശ്രീമതി. ജുമൈലത്ത് | അസി.എഞ്ചിനീയർ | 15-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ഷൈലജ ബിന്ദു | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 12-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Suresh.P (Audit Officer, On 12-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-11 |
| 13 | തൊഴിൽ നികുതി അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Suresh.P (Audit Officer, On 10-03-2022) | 1-12 |
| 14 | മാർഗ്ഗരേഖക്ക് പാലിക്കാതെ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു<br>Written By: Idrees Abdulla A.C. (Auditor, On 08-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 11-03-2022) | 1-13 |
| 15 | പരിരക്ഷ പദ്ധതി<br>Written By: Suresh.P (Audit Officer, On 08-03-2022)<br>Last Updated By: Suresh.P (Audit Officer, On 12-03-2022) | 1-14 |
| 16 | 118/20 പകൽവീട് പുനരധിവാസപദ്ധതി-ഫോൺ അലവൻസ് നല്കിയത്<br>Written By: Suresh.P (Audit Officer, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-15 |
| 17 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക നിരക്ക് നൽകി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 11386 രൂപ | 1-16 |

| | | |
|---|---|---|
| | തിരിച്ചടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-17 |
| 19 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - ടി.ഡി എസ് ഈടാക്കാത്തത്<br>Written By: Latha.O.V (Auditor, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-18 |
| 20 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-03-2022) | 1-19 |
| 21 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-19-1 |
| 22 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-19-2 |
| 23 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-19-3 |
| 24 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-19-4 |
| 25 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 10-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 1-20 |
| 26 | കുടിവെള്ള വിതരണം -അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-21 |
| 27 | ഐ.എസ്.ഒ. പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-22 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് -തുക തിരിച്ചടവാക്കിയതിൻെറ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | 1-23 |
| 29 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: E.Moosa (Asst. Audit Officer, On 12-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 1-24 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ -രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 12-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 1-25 |
| 31 | മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-26 |
| 32 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-03-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Shajahan Khuraisi (Asst. Audit Officer, On 13-03-2022) | |
| 33 | എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: E.Moosa (Asst. Audit Officer, On 12-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 11-03-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 12-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 18-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 19-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-3, 15.02.2019 | ലഭ്യമാക്കിയിട്ടില്ല. |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 19.05.2020 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22286831 |
| വരവ് | 71322988 |
| ആകെ | 93609819 |
| ചെലവ് | 67744211 |
| നീക്കിയിരിപ്പ് | 25865608 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21499066 | 21499066 | 15917726 | 5581340 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6420471 | 6420471 | 3055329 | 3365142 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6598000 | 6598000 | 1731766 | 4866234 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5476000 | 5476000 | 2889757 | 2586243 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 13874420 | 13874420 | 5606375 | 8268045 |
| ബി ഫണ്ട് | 0 | 26747899 | 26747899 | 26747899 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ താഴെ പറയുന്ന ഫണ്ടുകളുടെ ചെലവിൽ വ്യത്യാസം കാണുന്നു.

| ഫണ്ടിനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| Development Fund (General) | 17035373 | 15917726 | 1117647 |
| Development Fund (SCP) | 3128858 | 3055329 | 73529 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 385 | 137728514 | 153 | 43536276 | 0 | 232 | 39.74% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3275 | 621349 | 624624 | 623874 | 750 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9250587 | 9250587 | 9250587 | 0 |
| ആകെ | 3275 | 9871936 | 9875211 | 9874461 | 750 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19920 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 511200 | 87 |
| വിധവാപെൻഷൻ | 884800 | 1457 |
| വാർദ്ധക്യകാലപെൻഷൻ | 14223600 | 2317 |
| വികലാംഗപെൻഷൻ | 2573800 | 432 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 198000 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2022 ന് 10.10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79926/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. 86/2010/ഫിൻ തി. 24.09.2010 സർക്കുലറിൽ നിർദ്ദേശിക്കും വിധം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

3. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2021 | 2021 ആഗസ്റ്റ്, സെപ്തംബർ | 27.10.2021 |
| എ.ജി ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ | 16-08-2013 |

| | | | |
|---|---|---|---|
| | | 2009-10 വരെ | |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) General Purpose Fund വരവ് തുക AFS , ACR എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| AFS പ്രകാരം | 17691512/- രൂപ |
| ACR പ്രകാരം | 19816211/- രൂപ |

2)താഴെ പറയുന്ന അക്കൌണ്ടുകളിലെ വാർഷിക കണക്കിലെ RP 40(b) ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ബാങ്ക് ബുക്കിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൌണ്ട് | RP 40(b) ഷെഡ്യൂൾ പ്രകാരം ബാലൻസ് | ബാങ്ക് ബുക്കിലെ ബാലൻസ് |
|---|---|---|
| KGB, SSA | 52474 | 52741 |
| SMGB, NREGS | 750 | 846 |

3) വാർഷിക കണക്കുകൾ B-5 ഷെഡ്യൂൾ പ്രകാരം 13003824/- രൂപ ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4) വാർഷിക കണക്ക് പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 78314/- വരവുണ്ടെങ്കിലും ഡി.സി.ബി രജിസ്റ്ററിൽ ഇതു സംബന്ധിച്ച സംഗ്രഹം എഴുതിയിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകതകൾ

എ. സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മവേലിസ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | എസ്.ബി.ഐ തിരുനാവായ | ഒന്നാം അർദ്ധവർഷം |
| 3 | PNY Finance Ltd, Thirunavaya | ഒന്നാം അർദ്ധവർഷം |
| 4 | CSI Mission Hospital, Codakkal | ഒന്നാം അർദ്ധവർഷം |
| 5 | വനിത സഹകരണ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 6 | കേരള ഗ്രാമീണ ബാങ്ക്, പട്ടർനടക്കാവ് | രണ്ടാം അർദ്ധവർഷം |

ബി. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളിലെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇതുമൂലം ടി സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി അടവാക്കിയതിന് വ്യക്തതയില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | KMMHSS, Pallur, Vyrangode | 1st & 2nd Half |
| 2 | PNY Finance Ltd, Thirunavaya (Page 78) | 1st Half |
| 3 | Thirunavaya Grama Panchayat | 2nd Half |
| 4 | Sub Post Office, Kodakal | 2nd Half |
| 5 | GMLPS, Edakulam | 2nd Half |
| 6 | AMLPS, Konnallur | 2nd Half |
| 7 | MET, EMHS, Kuthukallu | 2nd Half |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

സി. ദിവസവേതനവ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന ജീവനക്കാർ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരാണ്. എന്നാൽ ഇവരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| 1 | അബ്ദുൾ സമദ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ | ഗ്രാമപഞ്ചായത്ത് |
| 2 | സാന്ദ്ര സി.പി, ക്ലാർക്ക് | ഗ്രാമപഞ്ചായത്ത് |
| 3 | അബ്ദുൾ റസാഖ്, ഡ്രൈവർ | ഗ്രാമപഞ്ചായത്ത് |
| 4 | ഡോ.രാജീവ് ദാസ് മെഡിക്കൽ ഓഫീസർ | PHC |
| 5 | ഫാത്തിമ മുംതാസ്, ഫാർമസിസ്റ്റ് | PHC |
| 6 | മുഹമ്മദ് ഹസ്സൻ, ഫാർമസിസ്റ്റ് കം അറ്റൻറർ | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ |
| 7 | ഷഹനാസ് കെ.കെ, അറ്റൻറർ | NHM ഹോമിയോ |

മേൽ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

ഡി. പഞ്ചായത്ത് പരിധിയിലെ ബിൽഡിങ് സൂപ്പർവൈസർമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (01/19-20/28.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 മാർഗ്ഗരേഖക്ക് പാലിക്കാതെ അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

പ്രൊജക്റ്റ് : ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി.

നം : SO 208/2019-20

അടങ്കൽ - 250000

(വികസന ഫണ്ട് - 239320 ; തനത് ഫണ്ട് - 10680 )

ബിൽ നം.01/21.05.2019 : 239320

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 239320 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററിനു 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.18-ലെ ഭാഗം 6.2.8 നിർദ്ദേശിക്കുന്നത്. എന്നാൽ സബ്സിഡി ഇനത്തിൽ 68377 ലിറ്ററിന് 3.5 രൂപ നിരക്കിൽ 239320 വിതരണം ചെയ്തതിൽ ക്ഷീര വികസന വകുപ്പ് നൽകേണ്ട തുക ഉൾപ്പെട്ടിട്ടില്ല. മാർഗരേഖ പാലിക്കാതെ 34188 (68377*0.5) രൂപ അധികം നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ മാർഗരേഖ പ്രകാരം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ.03/2019-20തിയ്യതി -04.03.2022)

## 1-14 പരിരക്ഷ പദ്ധതി

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ 115/20 ഗൃഹകേന്ദ്രീകൃത സാന്ത്വനപരിചരണ പദ്ധതിയിൽ 5,00,000 രൂപ വകയിരുത്തി 4,74,850 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ,ചെക്ക് നമ്പർ | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 01/27.07.19 | 93,900 | വികസനഫണ്ട് |
| 2 | 03/08.09.19 | 61,000 | |
| 3 | 05/08.09.19 | 24,030 | |
| 4 | 06/28.10.19 | 36,390 | |
| 5 | 12/10.12.19 | 37,410 | |

| | | | |
|---|---|---|---|
| 6 | 14/24.12.19 | 36,500 | |
| 7 | 012774/22.01.20 | 47,300 | തനത് ഫണ്ട് |
| 8 | 15/20.02.20 | 10,770 | വികസനഫണ്ട് |
| 9 | 17/29.02.20 | 87,400 | Block Share |
| 10 | 18/16.03.20 | 37,450 | Block Share |
| 11 | 13199/31.03.20 | 2,700 | തനത് ഫണ്ട് |
| | ആകെ | 4,74,850 | |

അപാകതകൾ

1. ഹോംകെയർ രജിസ്റ്റർ പരിശോധനയിൽ ഏപ്രിൽ (15) ജൂൺ (14) ആഗസ്റ്റ് (13) ജനവരി (14) എന്നിങ്ങനെയാണ് ഹോംകെയർ ടീം വീടുകളിൽ പരിശോധന നടത്തിയിട്ടുള്ളത്. എന്നാൽ ഈ മാസങ്ങളിൽ ഒരു ദിവസത്തെ വാഹന വാടക അധികം നല്കിയതായി കാണുന്നു.

2. 2019-20, 2020-21 വർഷങ്ങളിൽ പി.എം.സി യഥാക്രമം 4, 3 ദിവസങ്ങളിലാണ് യോഗം ചേർന്നിട്ടുള്ളത്. 07.03.19 ലെ സ.ഉ(സാധാ)553/19/തസ്വഭവ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.2 ൽ രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ ചേരണമെന്ന് നിർദ്ദേശിക്കുന്നു. ഈ നിബന്ധന പാലിച്ചിട്ടില്ല.

3. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8.3 ൽ ദിവസ/മാസ വാടകക്കെടുക്കുന്ന വാഹനം പി.എം.സി അംഗീകരിക്കേണ്ടതുണ്ട്. പി.എം.സി മിനട്സിൽ ഇങ്ങനെ ഒരു രേഖപ്പെടുത്തലുകളില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (09/19-20/07.03.22) അപകതകൾ പരിഹരിച്ച് ഓഡിറ്റിന് അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-15 118/20 പകൽവീട് പുനരധിവാസപദ്ധതി-ഫോൺ അലവൻസ് നല്കിയത്

| ക്രമ നമ്പർ | തുക | ബിൽ,ചെക്ക് നമ്പർ |
|---|---|---|
| 1 | 34,260 | 02/27.7.19 |
| 2 | 27,525 | 08/28.10.19 |
| 3 | 36,302 | 09/24.11.19 |
| 4 | 24,650 | 012484/21.12.19 |
| 5 | 6,450 | 012342/10.12.19 |
| 6 | 1,913 | 13/10.12.19 |
| 7 | 34,647 | 012774/22.01.20 |
| 8 | 19,945 | 12795/10.02.20 |
| 9 | 20,276 | 13074/18.03.20 |
| ആകെ | 2,05,968 | |

പരിരക്ഷ പദ്ധതി പകൽവീട് ഭാഗമായി മാനസികരോഗികളുടെ പുനരധിവാസ പരിപാടിയിൽ തൊഴിൽ പരിശീലനം നല്കുന്നവർക്ക് ഫോൺ അലവൻസ് ശ്രീമതി സുഷമ എം ന് ഏപ്രിൽ മുതൽ നവംബർ വരെ 300 രൂപ വീതം (8x300=2400) നല്കിയിട്ടുണ്ട്. ആയതിന് ആധാരമായ അനുമതി ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/19-20/07.03.2022) ടി തുക ചെലാൻ നമ്പർ KL025742039202122M/09.03.22 പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-16 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക നിരക്ക് നൽകി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 11386 രൂപ തിരിച്ചടവാക്കി

സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ടി ടോയ്ലറ്റ് രണ്ടാം ഘട്ടം (214/20) എന്ന പ്രവൃത്തിയുടെ ഭാഗമായി സൺഷൈഡിന് മുകളിൽ സിമന്റ് പ്രൈമർ,സിമന്റ് പെയിന്റ് എന്നിവ ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 8.3.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ഇവ ഭാഗികമായി മാത്രമേ ചെയ്തിട്ടുള്ളൂ എന്ന് വ്യക്തമായി. ഓഡിറ്റ് എൻക്വയറി 12 /2019-20/8.3.2022 നൽകിയതിനെ തുടർന്ന് ഈ ഇനത്തിൽ അധികം നൽകിയ 11857രൂപ 1210107637/9.3.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | ഇനം, | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|---|

| നമ്പർ | | യഥാർത്ഥ അളവ് | തുക | തുക | |
|---|---|---|---|---|---|
| | സ്കൂളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റ് രണ്ടാം ഘട്ടം (214/20)<br>ബിൽ 2/9.5.2019 തുക 932740<br>കരാർ 106a/16.1.2019<br>അളവ് പുസ്തകം 43a/18-19, 97/18-19<br>കോൺട്രാക്ടർ ശ്രീ. ഹംസ ഹാജി<br>കോസ്റ്റ് ഇൻഡക്സ് 37.25% | ഇനം 13 സിമന്റ് പ്രൈമർ | 7720 | 2006 | 5714 |
| | | ഇനം 14 സിമന്റ് പെയ്ന്റ് | 12286 | 6143 | 6143 |

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 25.6.2002 ലെ ജി.ഒ പി നം 105/2002 ലെ ഉത്തരവു പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേലുള്ള അപേക്ഷകൾ ലഭിച്ച് 40ദിവസത്തിനകം തന്നെ ക്ഷേമ പെൻഷനുകൾ അനുവദിച്ചു നല്കണമെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ 2019-20 ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനാവിധേയമാക്കിയതിൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വിധവാപെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര്/വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | ഫാത്തിമ ,മുളയ്ക്കൽ | 26.11.2019 | 6.1.2020 | 15.7.2020 |
| 2 | പാത്തുമോൾ കൊടയ്ക്കൽ | 28.11.2019 | 6.1.2020 | 15.7.2020 |
| 3 | ഫാത്തിമ.കെ കൊടക്കാട്ടിൽ | 29.1.2020 | 3.7.2020 | 11/7.7.2020 |

1)വാർദ്ധക്യകാല പെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര്/വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | ദിലീപ് കുമാർ.പി | 1.8.2019 | 18.10.2019 | 14/15.11.2019 |
| 2 | രാമൻ | 1.8.2019 | 18.10.2019 | 14/15.11.2019 |
| 3 | തങ്ക | 1.8.2019 | 18.10.2019 | 14/15.11.2019 |
| 4 | കോമളം | 6.8.2019 | 18.10.2019 | 14/15.11.2019 |
| 5 | നഫീസ | 19.11.2019 | 16.3.2020 | 7/26.3.2020 |
| 6 | കുഞ്ഞിമുഹമ്മദ് | 21.11.2019 | 16.3.2020 | 7/26.3.2020 |
| 7 | പാത്തുമ്മ | 25.11.2019 | 18.4.2020 | 8/21.4.2020 |
| 8 | കുഞ്ഞിലക്ഷ്മി | 30.11.2019 | 16.3.2020 | 7/26.3.2020 |
| 9 | മറിയാമു | 10.12.2019 | 16.3.2020 | 7/26.3.2020 |
| 10 | മൊയ്തീൻ.ടി.കെ | 18.1.2020 | 16.3.2020 | 11/7.7.2020 |
| 11 | കുഞ്ഞിമുഹമ്മദ് | 16.1.2020 | 16.3.2020 | 12/15.7.2020 |

3) കർഷകതൊഴിലാളി പെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | ഹമീദ് | 28.8.2019 | -- | 25.11.2019 |
| 2 | മുഹമ്മദ്കോയ | 29.1.2021 | | നൽകിയിട്ടില്ല |

4) വിഗലാംഗ പെൻഷൻ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | മുഹമ്മദ്മുസ്തഫ | 19.7.2019 | 21.11.2019 | 10/8.6.2020 |
| 2 | പ്രകാശ് കെ.വി | 2.9.2019 | --- | 2/24.2.2020 |
| 3 | മുഹമ്മദ് റഫീക്ക് | 13.12.2019 | 14.5.2019 | 10/8.6.2020 |

അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ക്ഷേമപെൻഷനുകൾ അനുവദിയ്ക്കുന്നതിൽ കാലാമസം വന്നതായി കാണുന്നുണ്ട്.അപേക്ഷകൾ നിരസിച്ചതിന്റെ വിവരങ്ങളൊന്നും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുമില്ല .സർക്കാർ നിർദേശം പാലിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം.11/8.3.22/ 2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - ടി.ഡി എസ് ഈടാക്കാത്തത്

നിർവ്വഹണം :അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ടിന്റെപേര് : ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ -

പ്രൊജക്ട് നം 375/19-20

അടങ്കൽ :380100 പ്ലാൻ

ചെലവ് :380100/- :/- (ബിൽ നം 12/17.1.20)

മേൽ പ്രൊജക്ട് പ്രകാരം, ഹരിത സഹായ സ്ഥാപനമായ IRTC മുണ്ടൂരിന് കൺസൾട്ടൻസി ഫീ ആയി 3,80100/- നൽകിയിട്ടുണ്ട് . തുക 12.10.19 ൽ IRTC കൈപ്പറ്റിയിട്ടുണ്ട്. കരാറുടമ്പടി പ്രകാരം 31672 രൂപ നിരക്കിൽ 12 മാസത്തേയ്ക്കുള്ള തുകയാണ് കൺസൾട്ടൻസി ഫീ ആയി അനുവദിച്ചിട്ടുള്ളത്. IRTC യ്ക്കു അനുവദിച്ച 380100/- മേൽ ടി.ഡി എസ് ഇനത്തിൽ നികുതികൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.13/9.3.2021/ 19-20 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ IRTC സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസി ആയതിനാലും ശരിയാം വണ്ണമുള്ള ഓഡിറ്റ് നടക്കുന്ന സ്ഥാപനമായതിനാലുമാണ് ടി.ഡി എസ് ഈടാക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. നികുതികളിന്മേലുള്ള ടി.ഡി.എസ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-19 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

## 1-19-1 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900810/ 09-01-2020 | ഗ്രാമ പഞ്ചായത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ 3 ഫേസ് ആക്കുന്നതിന് എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ | 22,303 | രശീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | തിരുന്നാവായ ക്ക് നൽകിയത് | | |
| 2 | 21900829/ 18-01-2020 | 109-ാം നമ്പർ അംഗനവാടിയുടെ വൈദ്യുതീകരണത്തിനായി എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് | 24,448 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 3 | 21900830/ 18-01-2020 | വെട്ടിലക്കോട്ട കോളനി റോഡ് ലൈൻ മാറ്റലിന് എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് | 14,767 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | 21901152/ 12-03-2020 | പൊതു സ്ഥലങ്ങളിലെ പോസ്റ്റ് മാറ്റലിന് എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് (S0443/2020) | 1,74,323 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 5 | 21901153/ 16-03-2020 21900719/10-12-2019 | പൊതു സ്ഥലങ്ങളിലെ പോസ്റ്റ് മാറ്റലിന് എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് (S0328/2020) | 8,155 33,052 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 6 | 21901213/30-03-2020 | സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ (S0372/2020) എ.ഇ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ തിരുന്നാവായ ക്ക് നൽകിയത് | 23,400 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| ആകെ | | | 300448 | |

ഓഡിറ്റ് എൻക്വയറി നം. 05/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 3,00,448 രൂപ തടസ്സം ചെയ്യുന്നു.

## 1-19-2 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | 21901195/ 27-03-2020 | ശ്രീ. ഡാംസൺ ജെ.ജെ, സീനി.ക്ലർക്കിൻെറ ഓണം അഡ്വാൻസ് തുക തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന് നൽകിയത് | 9,000 | ശമ്പളത്തിൽ നിന്ന് ഈടാക്കിയതിൻെറ വിവരം, തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൻെറ രശീതി |

ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 05/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 9,000 രൂപ തടസ്സം ചെയ്യുന്നു.

## 1-19-3 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900747/ 23-12-2019 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (S0325/2020) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി, എടപ്പാളിന് നൽകിയത് | 2,00,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |

ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 05/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-19-4 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നമ്പർ | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 21900698/06-12-2019 | പ്രസിഡന്റിൻെറ ഡൽഹിയിലേക്കുള്ള വിമാന യാത്രക്ക് നൽകിയ തുക | 26,005 | യാത്രാ ഡയറി, അനുബന്ധ രേഖകൾ |
| 2 | 21900699/06-12-2019 | വൈസ് പ്രസിഡന്റിൻെറ ഡൽഹിയിലേക്കുള്ള വിമാന യാത്രക്ക് നൽകിയ തുക | 24,905 | യാത്രാ ഡയറി, അനുബന്ധ രേഖകൾ |

ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 05/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 50,910 രൂപ തടസ്സം ചെയ്യുന്നു.

## 1-20 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റ് രണ്ടാം ഘട്ടം (214/20) എന്ന പ്രവൃത്തിയുടെ ഭാഗമായി 4 സ്കൂളുകളിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ നാല് വശങ്ങളിലുമായി 1.10 മീറ്റർ വീതിയിൽ സൺഷെയ്ഡ് നിർമ്മിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 8.3.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ കെട്ടിടത്തിന്റെ മെയിൻ സ്ലാബിനോട് ചേർന്ന് നിർമ്മിച്ച സൺഷെയ്ഡിന്റെ വീതി 80cm മാത്രമാണെന്ന് വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം, യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | സ്കൂളുകളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റ് രണ്ടാം ഘട്ടം (214/20)<br>ബിൽ 2/9.5.2019 തുക 932740<br>കരാർ 106a/16.1.2019<br>അളവ് പുസ്തകം 43a/18-19, 97/18-19<br>കോൺട്രാക്ടർ ശ്രീ. ഹംസ ഹാജി<br>കോസ്റ്റ് ഇൻഡക്സ് 37.25% | സെന്ററിങ് & ഷട്ടറിങ് 48.96m$^2$ | 58226 @716.10/m$^2$ അളവ് 81.31m$^2$ | 35060 @716.10/m$^2$ അളവ് 48.96m$^2$ | 23166 |
| | | എക്സ്ട്രാ ഇനം. 1 റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് 4.774m$^3$ | 57911 @10143.87/m$^3$ അളവ് 5.709m$^3$ | 48427 @10143.87 അളവ് 4.744m$^3$ | 9484 |
| | | ഇനം 11 സിമന്റ് പ്ലാസ്റ്ററിങ് 97.92m$^2$ | 40307 @264.76/m$^2$ അളവ് 152.24m$^2$ | 25925 @264.76/m$^2$ അളവ് 97.92m$^2$ | 14382 |
| | | | | | 47032 |

അളവുകളുടെ വിശദാംശങ്ങൾ . കെട്ടിടത്തിന്റെ നീളം 3.12m, വീതി 2.93m. സൺഷെയ്ഡിന്റെ വീതി 80cm

| ഇനം | യഥാർത്ഥ അളവ് | ഏരിയ |
|---|---|---|
| സെന്ററിങ് & ഷട്ടറിങ് | 4*2*(4.72+3.12)*0.80=25.088m$^2$<br>2<br>4*2*(4.53+2.93)0.8 =23.872<br>2 | 48.96m$^2$ |
| എക്സ്ട്രാ ഇനം. 1<br>റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് | 4*2*(4.72+3.12)*(0.12+0.075)<br>*0.80=2.446m$^3$<br>2 2<br>4*2*(4.53+2.93)*(0.12+0.075)<br>*0.80=2.328m$^3$<br>2 2 | 4.774m$^3$ |

ഓഡിറ്റ് എൻക്വയറി 12 /2019-20/8.3.2022 നൽകിയതിന് - സൺഷെയ്ഡിന്റെ വീതി അളന്നെടുത്തത് ചുമരിൽ നിന്ന് Horizontal ആയിട്ടാണെന്നും, സൺഷെയ്ഡിന്റെ പുറം അളവ് (വീതി) 1.10 മീറ്റർ ഉണ്ടെന്നും പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

സൺ ഷെയ്ഡിന്റെ വീതി 0.80 മീറ്റർ മാത്രമാണെന്ന് വ്യക്തമാണ്. സ്ഥല പരിശോധന വേളയിൽ ഇക്കാര്യം ബോധ്യപ്പെട്ടതും ഗ്രാമ പഞ്ചായത്തിലെ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ അത് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധിക തുക തിരിച്ചടക്കേണ്ടതാണ്.
അധിക തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-21 കുടിവെള്ള വിതരണം -അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 21900120/30-05-2019 : 4,37,035

വൗച്ചർ നം. 21900196/24-06-2019 : 2,36,560

ജല ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. സുരേഷ് കെ.പി, കപ്പൽ പടിക്കൽ എന്ന വ്യക്തിയുടെ ലിറ്ററിന് 45 പൈസ നിരക്കിലുള്ള ടെണ്ടർ 24-05-2019ലെ 1(1)ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്-

1. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് അല്ല ലഭ്യമാക്കിയിട്ടുള്ളത്.

3. അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് Go(ms)No.13/2015 /ITD/12.05.2015 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 11,00,000 രൂപ ചെലവഴിക്കാൻ അനുമതി ഉള്ള മേൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തിട്ടില്ല.

4. ദുരന്ത നിവാരണ വകുപ്പിൻെറ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കുപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. അപ്രകാരം അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരം അറിയിക്കേണ്ടതാണ്.

5. വിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗയോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 26-04-2019 മുതൽ 08-06-2019 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതിൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയിട്ടില്ല. 05-05-2019ന് ടെസ്റ്റ് ചെയ്ത് സ്വകാര്യ ലാബിൽ നിന്ന് ലഭ്യമായ റിപ്പോർട്ട് ഫയലിൽ ഉണ്ട്. 100ml വെള്ളത്തിൽ Coliform Count 10ൽ കൂടാൻ പാടില്ലാത്തതാണ് എങ്കിലും പ്രസ്തുത റിപ്പോർട്ട് പ്രകാരം ആയത് 43 ആണ്. അതായത്, കുടിക്കാൻ യോഗ്യമല്ലാത്ത വെള്ളമാണ് ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ളത്.

6. 26-04-2019 മുതൽ 08-06-2019 വരെയാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ 24-05-2019ലെ 1(1)ാം നമ്പർ തീരുമാന പ്രകാരം മാത്രമാണ് ഗ്രാമപഞ്ചായത്ത് ആയതിൻെറ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരി ക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 08/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 6,73,595 രൂപ തടസ്സം ചെയ്യുന്നു.

## 1-22 ഐ.എസ്.ഒ. പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം-അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് – ഐ.എസ്.ഒ. പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം
നമ്പർ – S0203/2020
അടങ്കൽ – 20,00,000 (19,00,000 -ധനകാര്യ കമ്മീഷൻ അവാർഡ്, 1,00,000 - തനത് ഫണ്ട്)

ബിൽ നം. 14/26-10-2019 : 19,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് നിർവ്വഹണത്തിനായി ARTCO Ltd, തൃശ്ശൂരിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ലഭ്യമാക്കിയ താഴെപ്പറയുന്ന ഇനങ്ങൾക്ക് കാഷ് ബിൽ നം. 568/25-03-2019 പ്രകാരം 19,96,610 രൂപ നൽകിയിട്ടുണ്ട് :

| Sl. No. | Item | Quantity | Rate | Total (With 18% GST) |
|---|---|---|---|---|
| 1 | UF1854- "EXECUTIVE TABLEPLYWOOD I M2 | 20.65 | 20045 | 488436.52 |

| | | | | |
|---|---|---|---|---|
| | "USING 18 MM PLYWOOD, 15MM PLYWOOD AND12 MM MARAINE PLYWOOD | | | |
| 2 | UF1864- "OFFICE CUPBOARD PLY WOOD. IM2 SETTINGUP OF OFFICE CUPBOARD BY USING GOOD QUALITTY 18MM PLYWOOD AND 15MM MARAINE PLYWOOD WITHIMM MICA AND INSIDE PAINTED FINISH WITH DOOR INCLUDING,STEEL HANDLE MULIT LOCK AND AUTO HIGNESS ETC COMPLETE | 22.8 | 17049 | 458686.3 |
| 3 | UF1854 - "EXECUTIVE TABLEPLYWOOD IM2 "USING 18 MM PLYWOOD, I SMM PLYWOOD AND12 MM MARAINE PLYWOOD | 39.95 | 20045 | 944941.35 |
| 4 | GHLV PARTITION WALL USING PARTCLE BOARD | 9 | 7500 | 79650 |
| 5 | GLW-GLASS WORK | 1 | 21098 | 24895.64 |
| | Total | | | 1996610 |

1. മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. മേൽ പ്രൊജക്ടിനായി ഗ്രാമ പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആർട്ട്കോ ലഭ്യമാക്കിയ 2210/19-01-2019-ാം നമ്പർ പ്രൊഫോർമ ഇൻവോയ്സ് എസ്റ്റിമേറ്റായി ഗ്രാമ പഞ്ചായത്ത് ഭരണസമിതി 28-01-2019ലെ 1(9)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്. ചെയ്ത പ്രവൃത്തിയുടെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
3. ARTCO തുക കൈപ്പറ്റിയതിൻെറ രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 14/19-20/10-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 19,96,610 രൂപ തടസ്സം ചെയ്യുന്നു.

## 1-23 ഫെസ്റ്റിവൽ അഡ്വാൻസ് -തുക തിരിച്ചടവാക്കിയതിൻെറ വിവരം ലഭ്യമാക്കേണ്ടതാണ്

ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 21900411/31-08-2019-ാം നമ്പർ വൗച്ചർ പ്രകാരം 1,50,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയതിൻെറ വിവരം ലഭ്യമാക്കേണ്ടതാണ്-

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | നൽകിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. രാജീവ് സി.കെ, അക്കൗണ്ടൻറ് | 15,000 | 3,000 | 12,000 |
| 2 | ശ്രീ. സുരേഷ്കുമാർ, ഒ.എ. | 15,000 | 3,000 | 12,000 |
| 3 | ശ്രീമതി ലിജിയ കെ.പി, ഒ.എ. | 15,000 | 3,000 | 12,000 |

| | | | | |
|---|---|---|---|---|
| 4 | ശ്രീമതി പ്രിയ കെ, ക്ലർക്ക് | 15,000 | 3,000 | 12,000 |
| | | | ആകെ | 48,000 |

ഓഡിറ്റ് എൻക്വയറി നം. 07/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 48,000 രൂപ തടസ്സം ചെയ്യുന്നു.

## 1-24 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയർ -രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. തനത് ഫണ്ട് ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന തുകകളുടെ ചെക്ക് നമ്പർ, തീയ്യതി എന്നിവ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.
6. പ്രവൃത്തികളുടെ ഫയലുകൾ വൗച്ചർ നമ്പർ നൽകി ക്രമ പ്രകാരം സൂക്ഷിക്കുന്നില്ല.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 251പദ്ധതികൾ തയ്യാറാക്കിയതിൽ 169 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 89പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 33 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 251 | ആകെ അടങ്കൽ | 59164605 |
| നടപ്പിലാക്കിയത് | 169 | ചെലവ് | 34042748 |
| ശതമാനം | 67.33% | ചെലവ് ശതമാനം | 57.54% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

III. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

IV. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ധേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S003/2020

അടങ്കൽ - 23,75,000 (വികസന ഫണ്ട് )

ബിൽ നം. 09/24-08-2019 : 23,75,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 23,75,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ് ) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 23,75,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 06/19-20/07-03-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 23,75,000 രൂപ തടസ്സം ചെയ്യുന്നു.

## 1-28 എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ

പ്രൊജക്ട്. സ്കൂളുകളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്‌ലറ്റ് രണ്ടാം ഘട്ടം (214/20)

ബിൽ 2/9.5.2019 തുക 932740

കരാർ 106a/16.1.2019

അളവ് പുസ്തകം 43a/18-19, 97/18-19

കോൺട്രാക്ടർ ശ്രീ. ഹംസ ഹാജി

കോസ്റ്റ് ഇൻഡക്സ് 37.25%

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളുകൾക്ക് ഗേൾസ് ഫ്രന്റ്‌ലി ടോയ്‌ലറ്റ് രണ്ടാം ഘട്ടം (214/20) എന്ന പദ്ധതിയുടെ ഭാഗമായി 3എയ്ഡഡ് സ്കൂളുകൾക്കും ഒരു സർക്കാർ സ്കൂളിനും ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. VPLP സ്കൂൾ കാരത്തൂർ, GMLP സ്കൂൾ സൗത്ത് പല്ലാർ, AMLP സ്കൂൾ ചങ്ങംപള്ളി, BEMയു.പി സ്കൂൾ കൊടക്കൽ എന്നീ സ്കൂളുകൾക്കാണ് ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. വിഷയം 10.3.2022 ന് ഓഡിറ്റിന്റെ ഭാഗമായി ചേർന്ന എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിക്കുകയും ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുകയുമുണ്ടായി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകളുകൾക്ക് ഗേൾസ് ഫ്രന്റ്‌ലി ടോയ്‌ലറ്റ് രണ്ടാം ഘട്ടം (214/20) എന്ന പ്രവൃത്തിയുടെ ഭാഗമായി 4 സ്കൂളുകളിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ നാല് വശങ്ങളിലുമായി 1.10 മീറ്റർ വീതിയിൽ സൺഷൈഡ് നിർമ്മിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 8.3.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ കെട്ടിടത്തിന്റെ മെയിൻ സ്ലാബിനോട് ചേർന്ന് നിർമ്മിച്ച സൺഷെയ്ഡിന്റെ വീതി 80cm മാത്രമാണെന്ന് വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | ഇനം, യഥാർത്ഥ | നൽകിയ തുക | നൽകാവുന്ന | അധികം |
| --- | --- | --- | --- | --- | --- |

| നമ്പർ | | അളവ് | | തുക | |
|---|---|---|---|---|---|
| 1 | സ്കൂളുകൾക്ക് ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റ് രണ്ടാം ഘട്ടം (214/20)<br>ബിൽ 2/9.5.2019 തുക 932740<br>കരാർ 106a/16.1.2019<br>അളവ് പുസ്തകം 43a/18-19, 97/18-19<br>കോൺട്രാക്ടർ ശ്രീ. ഹംസ ഹാജി<br>കോസ്റ്റ് ഇൻഡക്സ് 37.25% | സെന്ററിങ് & ഷട്ടറിങ്<br>$48.96m^2$ | 58226<br>@$716.10/m^2$<br>അളവ് $81.31m^2$ | 35060<br>@$716.10/m^2$<br>അളവ്<br>$48.96m^2$ | 23166 |
| | | എക്സ്ട്രാ ഇനം. 1<br>റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ്<br>$4.774m^3$ | 57911<br>@$10143.87/m^3$<br>അളവ്<br>$5.709m^3$ | 48427<br>@10143.87<br>അളവ്<br>$4.744m^3$ | 9484 |
| | | ഇനം 11 സിമന്റ് പ്ലാസ്റ്ററിങ്<br>$97.92m^2$ | 40307<br>@$264.76/m^2$<br>അളവ്<br>$152.24m^2$ | 25925<br>@$264.76/m^2$<br>അളവ്<br>$97.92m^2$ | 14382 |
| | | | | | 47032 |

അളവുകളുടെ വിശദാംശങ്ങൾ . കെട്ടിടത്തിന്റെ നീളം 3.12m, വീതി 2.93m. സൺഷെയ്ഡിന്റെ വീതി 80cm

| ഇനം | യഥാർത്ഥ അളവ് | ഏരിയ |
|---|---|---|
| സെന്ററിങ് & ഷട്ടറിങ് | $4*2*\frac{(4.72+3.12)}{2}*0.80=25.088m^2$<br>$4*2*\frac{(4.53+2.93)}{2}0.8=23.872$ | $48.96m^2$ |
| എക്സ്ട്രാ ഇനം. 1<br>റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് | $4*2*\frac{(4.72+3.12)}{2}*\frac{(0.12+0.075)}{2}*0.80=2.446m^3$<br>$4*2*\frac{(4.53+2.93)}{2}*\frac{(0.12+0.075)}{2}*0.80=2.328m^3$ | $4.774m^3$ |

ഓഡിറ്റ് എൻക്വയറി 12 /2019-20/8.3.2022 നൽകിയതിന് – സൺഷെഡിന്റെ വീതി അളന്നെടുത്തത് ചുമരിൽ നിന്ന് Horizontal ആയിട്ടാണെന്നും, സൺഷെയ്ഡിന്റെ പുറം അളവ് (വീതി) 1.10 മീറ്റർ ഉണ്ടെന്നും ആയതിനാൽ അധിക തുകയൊന്നും നൽകിയിട്ടില്ലെന്നും പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ സൺ ഷെയ്ഡിന്റെ വീതി 0.80 മീറ്റർ മാത്രമാണെന്ന് വ്യക്തമാണ്. സ്ഥല പരിശോധന വേളയിൽ ഇക്കാര്യം ബോധ്യപ്പെട്ടതും അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. അധിക തുക തിരിച്ചടക്കേണ്ടതാണ്.

അധിക തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 2019-2020 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 491500 | 59/2019-20 സമഗ്ര നെൽ കൃഷി വികസനം പാലിയേറ്റീവ് കെയർ | 491500 | 0 |
| | 85000 | 122/2019-20 ഹരിതം തിരുനാവായ വിഷ രഹിത പച്ചക്കറി ഗ്രാമം | 85000 | 0 |
| | 124850 | 115/2019-20 പരിരക്ഷ- ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം. | 124850 | 0 |
| | 200000 | 10/2019-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 100000 |
| ആകെ | 801350 | | 801350 | |
| ജില്ലാ പഞ്ചായത്ത് | 400000 | 10/2019-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ആകെ | 400000 | | 400000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗ്രാമ പഞ്ചായത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ 3 ഫേസ് ആക്കൽ | 21900810/ 09-01-2020 | 22,303 | 0 | ലഭ്യമല്ല | 22,303 |
| കെ.എസ്.ഇ.ബി | വെട്ടിലക്കോട്ട കോളനി റോഡ് ലൈൻ മാറ്റൽ | 21900829/ 18-01-2020 | 14,767 | 0 | ലഭ്യമല്ല | 14,767 |
| കെ.എസ്.ഇ.ബി | പൊതു | 21901152/ | 1,74,323 | 0 | ലഭ്യമല്ല | 1,74,323 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥലങ്ങളിലെ പോസ്റ്റ് മാറ്റൽ | 12-03-2020 | | | | |
| കെ.എസ്.ഇ.ബി | പൊതു സ്ഥലങ്ങളിലെ പോസ്റ്റ് മാറ്റൽ | 21901153/ 16-03-2020 21900719/10-12-2019 | 8,155 33,052 | 0 | ലഭ്യമല്ല | 8,155 33,052 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയ്ൻ സ്ഥാപിക്കൽ (S0372/2020) | 21901213/30-03-2020 | 23,400 | 0 | ലഭ്യമല്ല | 23,400 |
| കേരള വാട്ടർ അതോരിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (S0325/2020) | 21900747/ 23-12-2019 | 2,00,000 | 0 | ലഭ്യമല്ല | 2,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | വായ്പ തുക | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് മിഷന് | ലഭ്യമല്ല | 11654000 | 2555000 | 1205176 | 13003824 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 2000 | 1436/27.07.1987 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം | 50000 | 258/03.08.1996 |
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 | 045/09.01.1994 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 2265/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 1983-84 | 21 | 51 | എ . ബാലകൃഷ്ണൻ | 119020101497/13.06.2019 |
| 1983-84 | 22 | 34 | എ . ബാലകൃഷ്ണൻ | 119020101498/13.06.2019 |
| 1983-84 | 26 | 212 | എ . ബാലകൃഷ്ണൻ | 119020101499/13.06.2019 |
| 1989-91 | 28 | 578 | ലഭ്യമല്ല | 119020101500/13.06.2019 |

| | | | | |
|---|---|---|---|---|
| 1989-91 | 20 | 800 | ലഭ്യമല്ല | 119020101501/13.06.2019 |
| 1991-92 | 18 | 590 | ലഭ്യമല്ല | 119020101502/13.06.2019 |
| ആകെ | | 2265 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്ന 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |
| 2014-15 2(5),2(3), | 2016-17 | | |
| 2015-16 2(1),2(2) | 2016-17 | | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ Spl.cell/ Scd1/12 Dt 18-9-14 | 9536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9536 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹന കൃഷ്ണൻ, സെക്രട്ടറി | LF10407/ Spl.cell/ Scd1/12 | 40371 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40371 |
| 2 | 2006-07 | 3-8 | | LF10407/ Spl.cell/sc/ D1/12 Dt 17-6-15 | 4773 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4773 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71322988 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67744211 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47032 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5653563 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 47032 | Rs.23516 ശ്രീമതി. ജുമൈലത്ത് .വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | Rs.23516 ശ്രീമതി. സജിത എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര് |
| ആകെ | | 47032 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19(1) | 300448 | ഷീല യു, സെക്രട്ടറി |
| 1-19(2) | 9000 | ഷീല യു, സെക്രട്ടറി |
| 1-19(3) | 200000 | ഷീല യു, സെക്രട്ടറി |
| 1-19(4) | 50910 | ഷീല യു, സെക്രട്ടറി |
| 1-21 | 673595 | ഷീല യു, സെക്രട്ടറി |
| 1-22 | 1996610 | ഷീല യു, സെക്രട്ടറി |
| 1-23 | 48000 | ഷീല യു, സെക്രട്ടറി |
| 1-27 | 2375000 | ഷീല യു, സെക്രട്ടറി |
| ആകെ | 5653563 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജുമൈലത്ത് വി.വി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, താനൂർ ബ്ലോക്ക് പഞ്ചായത്ത് | പകരനെല്ലൂർ പാഴൂർ(പി.ഒ) കുറ്റിപ്പുറം മലപ്പുറം(ജില്ല) 679571 |
| ശ്രീമതി. സജിത. എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | ഫിർദൌസ് നിയർ സിറ്റി ജംഗ്ഷൻ, ടി.കെ.എം കാരിക്കോട്, കൊല്ലം-5 |

| | | |
|---|---|---|
| | | 691005 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: 31.08.2004 | 10 |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 |
| 1989-91 | എൽ.എഫ്.എം.7/1084/94 തിയ്യതി: 06.02.1995 | 12 |
| 1991-92 | എൽ.എഫ്.എം.7/1089/94 തിയ്യതി: 31.08.1994 | 7 |
| 1992-94 | എൽ.എഫ്.എം.5/720/97 തിയ്യതി 5.3.98 | 7 |
| 1994-96 | എൽ.എഫ്.എം.5/868/99 തിയ്യതി 5.10.99 | 4 |
| 1996-97 | എൽ.എഫ്.എം.5/11/99 തിയ്യതി 9.11.99 | 1 |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07 തിയ്യതി 6.2.09 | 1 |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07 തിയ്യതി 6.2.09 | 1 |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 9 |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 4 |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 |
| 2006-07 | എൽ.എഫ്.എം.14/1249/2011 തിയ്യതി 17.02.12 | 49 |
| 2007-08 | എൽ.എഫ്.എം.14/1490/10 തിയ്യതി 18.7.09 | 42 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 |

| | | |
|---|---|---|
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 തിയ്യതി 11.12.14 | 19 |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 തിയ്യതി 30.01.17 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017 തിയതി 19.07.18 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം17/1999/2019 തിയതി 17.09.19 | 29 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം17/226/20 തിയതി 14.10.20 | 9 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്